ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) 185 ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

LIBRARY ARCHIVES Kerala Legislative Assembly

ബസ്സുകളുടെ ചേസിസ് വാങ്ങലും ബോഡി നിർമ്മാണത്തിനുമുള്ള ചെലവ്

72 [507] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകളുടെ ചേസിസുകൾക്ക് ഓർഡർ നൽകി; എത്ര എണ്ണം ലഭിച്ചു; ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക കൊടുത്തു തീർത്തു; എത്ര നൽകുവാൻ ഉണ്ട്; ഏതെല്ലാം കമ്പനികൾക്ക്; വിശദമായ സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ബി) എത്ര ചേസിസുകൾക്ക് ബസ് ബോഡി നിർമ്മാണത്തിനായി കെ.എസ്. ആർ.ടി.സി. എന്ത് തുക നൽകി; സ്വകാര്യ സ്ഥാപനങ്ങൾക്ക് എത്ര നൽകി; ഓരോന്നിനും എന്തു തുക വീതം ബോഡി നിർമ്മാണത്തിന് ചെലവാകും എന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(സി) ബസ് ബോഡി നിർമ്മാണത്തിനായി ബോഡി കിറ്റ് ഏതെല്ലാം കമ്പനികളിൽ നിന്ന് എത്ര വീതം വാങ്ങിയിട്ടുണ്ട്; ഓരോ ബോഡി കിറ്റും എന്തു തുകയ്ക്കാണ് വാങ്ങിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ബോഡി ബിൽഡിംഗിനായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയാൽ വരുന്ന ചെലവെത്ര; സ്വകാര്യ കമ്പനികൾക്ക് നൽകിയാൽ വരുന്ന ചെലവെത്ര;

(ഇ) സംസ്ഥാനത്തെ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ കൂടുതൽ ജീവനക്കാരെ പോസ്റ്റ് ചെയ്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയിട്ടുണ്ട്; അവ ഏതെല്ലാം ഡിപ്പോകൾക്ക് നൽകിയിട്ടുണ്ട്; ഡിപ്പോ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 630 ചേസിസുകൾക്ക് ഓർഡർ നൽകി. ഇതിൽ 298 ചേസിസുകൾ ലഭിച്ചിട്ടുണ്ട്. ഇതിനായി തുക വകയിരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ഒരു കമ്പനിക്കും തുക നൽകാനില്ല. 2003-04-ൽ (1) അശോക് ലൈലാന്റിന് 278 ചേസിസുകളുടെ വിലയിനത്തിൽ കൊടുത്തത്-19,90,08,524 രൂപ. (2) ടെൽകോ-20 ചേസിസുകളുടെ വിലയായി 1,35,75,520 രൂപ നൽകി.

(ബി) ബോഡി നിർമ്മാണത്തിന് കമ്പനികൾക്കു കൊടുത്ത തുകയുടെ വിവരം താഴെ കൊടുക്കുന്നു:

2001-02-നൽകിയിട്ടില്ല

2002-03-നൽകിയിട്ടില്ല

2003-04-ഹർഷാ വീൽ മൂവേഴ്സ് - 4,41,15,229 രൂപ

ടി. വി. എസ്. ആന്റ് സൺസ് - 2,98,72,180 രൂപ

ഹൈടെക് ആട്ടോ ക്രാഫ്റ്റ് - 54,18,000 രൂപ

ഇരിസാർ ടി. വി. എസ്. - 8,01,574 രൂപ

ബോഡി നിർമ്മാണത്തിന് ചെലവാകുന്ന തുക താഴെ കൊടുക്കുന്നു:

ഹർഷാ വീൽ മൂവേഴ്സ്

ഫാസ്റ്റ് പാസഞ്ചർ - 4,65,655 രൂപ

സൂപ്പർ ഫാസ്റ്റ് പാസഞ്ചർ - 4,97,295 രൂപ

ടി.വി.എസ്. ആന്റ് സൺസ്

ഫാസ്റ്റ് പാസഞ്ചർ - 5,12,550 രൂപ

സൂപ്പർ ഫാസ്റ്റ് പാസഞ്ചർ - 5,48,000 രൂപ

ഹൈ-ടെക്ക് ആട്ടോ ക്രാഫ്റ്റ്

സൂപ്പർ ഫാസ്റ്റ് പാസഞ്ചർ - 5,12,548 രൂപ

സൂപ്പർ ഡീലക്സ് - 7,28,000 രൂപ

ഇരിസാർ ടി.വി.എസ്.

സൂപ്പർ ഡീലക്സ് - 8,01,574 രൂപ

(സി)

കമ്പനി	എണ്ണം	ഒന്നിന്റെ വില
ഹർഷാ വീൽ മൂവേഴ്സ്	30	4,48,498 രൂപ
ഇരിസാർ ടി.വി.എസ്.	100	5,96,272 രൂപ
ഹൈടെക് ആട്ടോ ക്രാഫ്റ്റ്	10	5,53,644 രൂപ

(ഡി) ബോഡി ബിൽഡിംഗ് കെ.എസ്.ആർ.ടി.സി. ചെയ്താൽ ഫാസ്റ്റ് പാസ ഞ്ചറിന് ഒരു ബോഡി നിർമ്മിക്കുന്നതിന് 6,13,066 രൂപ ചെലവ് വരും. കെ.എസ്.ആർ. ടി.സി. യുടെ ബോഡി ബിൽഡിംഗ് യൂണിറ്റിൽ അടുത്ത കാലത്തായി സൂപ്പർ ഫാസ്റ്റ്, സൂപ്പർ ഡീലക്സ് ബസ്സുകൾക്ക് ബോഡി ചെയ്തിട്ടില്ല. സ്വകാര്യ കമ്പനികൾക്ക് ബോഡി ബിൽഡിംഗ് നൽകിയാൽ വരുന്ന ചെലവ് താഴെ കൊടുക്കുന്നു.

ഹർഷാ വീൽ മൂവേഴ്സ്-സൂപ്പർ ഫാസ്റ്റ്—5,48,000

ടി.വി.എസ്., തിരുവനന്തപുരം-ഫാസ്റ്റ് പാസഞ്ചർ—5,12,550

ഹൈടെക് ആട്ടോക്രാഫ്റ്റ്-ഫാസ്റ്റ് പാസഞ്ചർ—5,12,550

ഇരിസാർ ടി.വി.എസ്.-സൂപ്പർ ഡീലക്സ്—7,28,000

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ സ്ഥിരം ഒഴിവുകൾ ഒന്നും തന്നെയില്ല.

(എഫ്) 532 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ 109 മിനി ബസ്സുകളും ഉൾപ്പെടുന്നുണ്ട്. ഡിപ്പോ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. †

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

73 [508] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം നടത്തുന്നതിന് കോർപ്പറേഷന് പ്രത്യേകം യൂണിറ്റ് ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വർഷം എത്ര ബസ്സ് ബോഡി നിർമ്മിക്കാൻ ഈ യൂണിറ്റിന് കഴിയും;

(സി) എത്ര ബസ്സുകൾക്കുള്ള ബോഡി ഇവിടെ ഒരു വർഷം നിർമ്മിക്കുന്നുണ്ട്;

(ഡി) കെ.എസ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണ ജോലി ഇപ്പോൾ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ടോ; എങ്കിൽ വർഷത്തിൽ എത്ര എന്ന് അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly